I. **ആത്മിക അനുഭവമനുസരിച്ച്, യാക്കോബും യോസേഫും ഒരു വ്യക്തിയാണ്; യോസേഫ് പ്രതിനിധീകരിക്കുന്നത് യാക്കോബിന്റെ പക്വതയുള്ള സ്വഭാവത്തിലെ ക്രിസ്തുവിന്റെ സംരചനയുള്ള, പക്വതയുള്ള യിസ്രായേലിന്റെ വാഴുന്ന വശത്തെയാണ്; തികഞ്ഞവനായ, ക്രിസ്തുവിനാൽ സംരചിക്കപ്പെട്ട പക്വതയുള്ള വിശുദ്ധനെന്ന നിലയിൽ യാക്കോബ് യോസേഫിലൂടെ വാണു**

- നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെട്ട ക്രിസ്തുവാണ് യോസേഫ് മുൻകുറിക്കുന്ന വാഴുന്ന വശം. ദൈവത്തിൽ നിന്നുള്ള യോസേഫിന്റെ രണ്ട് സ്വപ്നങ്ങളും കാലത്തിലൂടെ നോക്കുവാനും ജീവൻ നിറഞ്ഞ കറ്റകളും പ്രകാശം നിറഞ്ഞ നക്ഷത്രങ്ങളും അല്ലാതെ മറ്റൊന്നുമില്ലാത്ത പുതിയ യെരൂശലേമിനെ കാണുവാനും ഇടയാക്കി. മത്തായി 5—7-ൽ വിവരിച്ചിരിക്കുന്ന സ്വർഗരാജ്യത്തിന്റെ ജീവിതമായിരുന്നു സ്വർഗീയ ദർശനത്തിൻ കീഴിലുള്ള യോസേഫിന്റെ ജീവിതം; അത്തരമൊരു ജീവിതം നയിച്ചുകൊണ്ട്, അവൻ ഒരു രാജാവായി വാഴുവാൻ പൂർണമായും തയ്യാറാക്കപ്പെട്ടു; മത്തായിലെ ഈ അധ്യായങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന സ്വർഗരാജ്യത്തിന്റെ ഭരണഘടന അനുസരിച്ച്, നാം നമ്മുടെ കോപത്തെ കീഴ്പ്പെടുത്തുകയും, നമ്മുടെ ആസക്തിയെ ജയിക്കുകയും വേണം. പക്വതയുള്ള ജീവന്റെ വാഴുന്ന വശം എപ്പോഴും കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുന്ന ഒരു ജീവിതമാണ്; അവന്റെ സാന്നിധ്യമുള്ളിടത്തെല്ലാം അധികാരമുണ്ട്, ഭരിക്കുന്ന ശക്തിയുണ്ട്. കർത്താവിന്റെ സാന്നിധ്യത്തിൽ, യോസേഫ്  കർത്താവിന്റെ സർവാധികാരത്തിൻ കീഴിൽ തനിക്കു ലഭിച്ച കർത്താവിന്റെ അഭിവൃദ്ധി അവൻ ആസ്വദിച്ചു. അവൻ ആയിരുന്നിടത്തെല്ലാം കർത്താവിന്റെ അനുഗ്രഹത്താൽ അവന് പ്രീതി ലഭിച്ചു; യോസേഫ് അഭിവൃദ്ധി ആസ്വദിച്ചപ്പോൾ, അവനും അവനുമായി ബന്ധപ്പെട്ടിരുന്നവരും അനുഗ്രഹിക്കപ്പെട്ടു

- തന്റെ സ്വന്തം സ്വപ്നങ്ങൾ അതുവരെ നിവർത്തിയാകാതിരുന്നിട്ടും, കാരാഗൃഹത്തിൽ കിടക്കുന്ന തന്റെ രണ്ട് കൂട്ടാളികളുടെ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനുള്ള വിശ്വാസവും ധൈര്യവും യോസേഫിനുണ്ടായിരുന്നു; ഒടുവിൽ, യോസേഫ് കാരാഗൃഹത്തിൽ നിന്ന് മോചിതനാകുകയും, ഫറവോന്റെ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ധൈര്യത്തോടെ സംസാരിച്ചതിലൂടെ അവൻ നേരിട്ട് സിംഹാസനത്തിലേക്ക് ആനയിക്കപ്പെടുകയും ചെയ്തു. നാം ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ ദീർഘദർശികളും, ദർശകന്മാരും ആയതിനാൽ നാം അവന്റെ വ്യവസ്ഥയുടെ സത്യത്തിന്റെ സമ്പൂർണത അനുസരിച്ച് സംസാരിക്കണം. നാം ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുന്നുവെങ്കിൽ, നാം എവിടെയായിരുന്നാലും ജീവൻ അല്ലെങ്കിൽ മരണം കൊണ്ടുവരും. നാം കർത്താവിനെ അന്വേഷിക്കുന്നെങ്കിൽ, അവൻ നമ്മെ ഒരു "തുറുങ്കിൽ" ആക്കിവെയ്ക്കും; തുറുങ്ക് ഇല്ലാതെ നമുക്ക് സിംഹാസനത്തിലേക്ക് ആരോഹണം ചെയ്യുവാൻ കഴിയില്ല. ബിരുദം നേടി കിരീടം പ്രാപിക്കുന്നതുവരെ നാം തുറുങ്കിൽ തന്നെ കഴിയണം.   [Gen. 39:21] എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്ക് അവനോടു ദയ തോന്നത്തക്കവണ്ണം അവനു കൃപ നല്കി.   [Gen. 41:16] അതിനു യോസേഫ് ഫറവോനോട്: ഞാനല്ല, ദൈവം തന്നെ ഫറവോന് ശുഭമായൊരു ഉത്തരം നല്കും എന്നു പറഞ്ഞു.

II. **ഫലപുഷ്ടിയുള്ള ഒരു കൊമ്പെന്ന നിലയിൽ യോസേഫ്, തന്റെ ശാഖകളെന്ന നിലയിൽ തന്റെ വിശ്വാസികളിലൂടെ ദൈവത്തെ പുറത്തേക്കു പടർത്തുന്ന കൊമ്പായ ക്രിസ്തുവിനു മുൻകുറിയാകുന്നു; ഉല്പത്തി 49:22-ൽ നീരുറവ, ഫലസമൃദ്ധിയുടെ ഉറവിടമായ ദൈവത്തെ സൂചിപ്പിക്കുന്നു, കൊമ്പുകൾ മതിലിനു മുകളിലൂടെ പടരുന്നത് സൂചിപ്പിക്കുന്നത് ക്രിസ്തുവിന്റെ വിശ്വാസികൾ എല്ലാ സാഹചര്യങ്ങളിലും അവനെ മഹത്വപ്പെടുത്തിക്കൊണ്ട് അവന്റെ ശാഖകളായി ക്രിസ്തുവിനെ എല്ലാ പരിമിതികൾക്കും മീതെ പടർത്തുന്നു എന്നാണ്** [Gen. 49:22] യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായോരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു.

- യോസേഫിന് തന്റെ സിംഹാസനാരോഹണത്തിൽ മഹത്വവും സമ്മാനങ്ങളും ലഭിച്ചത് മുൻകുറിക്കുന്നത് ക്രിസ്തുവിന് തന്റെ സ്വർഗാരോഹണത്തിൽ മഹത്വവും സമ്മാനങ്ങളും ലഭിച്ചതിനെയാണ്. നമ്മുടെ ആത്മിക അനുഭവത്തിന് അനുസൃതമായ്, മുദ്രമോതിരം നമ്മുടെ രക്ഷയ്ക്കായുള്ള ഒരു മുദ്ര എന്ന നിലയിൽ ഉൾവസിക്കുന്ന ആത്മാവിനെ സൂചിപ്പിക്കുന്നു. വസ്ത്രങ്ങൾ ദൈവമുമ്പാകെ നമ്മുടെ നീതീകരണത്തിനായുള്ള നമ്മുടെ വസ്തുനിഷ്ഠ നീതിയായ ക്രിസ്തുവിനെയും, കുഞ്ഞാടിന്റെ വിവാഹത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിത്തരുന്ന നമ്മിൽ നിന്ന് ജീവിച്ചു വെളിപ്പെടുന്ന നമ്മുടെ വ്യക്തിനിഷ്ഠ നീതിയായ ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു. കീഴ്പെടലിൽ ആവിഷ്കരിക്കപ്പെടുന്ന അനുസരണത്തിനായി നൽകപ്പെട്ട പരിശുദ്ധാത്മാവിന്റെ സൗന്ദര്യത്തെയാണ് സ്വർണസരപ്പളി സൂചിപ്പിക്കുന്നത്; സരപ്പളിയിട്ട കഴുത്ത് ദൈവത്തിന്റെ കൽപ്പന അനുസരിക്കാൻ കീഴടക്കപ്പെട്ടതും അധീനമാക്കപ്പെട്ടതുമായ ഇച്ഛയെ സൂചിപ്പിക്കുന്നു. ആരോഹണ സ്ഥാനത്തേക്ക് ആനയിക്കപ്പെട്ടതിനു ശേഷം യോസേഫ്, യിസ്രായേൽ മക്കൾ ക്രിസ്തുവിനെ തിരസ്കരിച്ചതിനാൽ ജാതീയ ലോകത്തിൽ നിന്ന് എടുത്ത സഭയെ ചിത്രീകരിക്കുന്ന ആസ്നത്തിനെ വിവാഹം കഴിച്ചു. യോസേഫ് തന്റെ ആദ്യജാതന് മനശ്ശെ ("മറക്കുമാറാക്കുന്നു" എന്നർഥം) എന്നും തന്റെ രണ്ടാമത്തവന്റെ പേര് എഫ്രയീം ("രണ്ടുതവണ ഫലം കായ്ക്കുന്നവൻ" എന്നർഥം) എന്നും വിളിച്ചു; യോസേഫ് പ്രഖ്യാപിച്ചു, "എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനമൊക്കെയും ദൈവം എന്നെ മറക്കുമാറാക്കി," "സങ്കടദേശത്തു ദൈവം എന്നെ [ഇരട്ടിയായി] വർധിപ്പിച്ചു"   [Gen. 41:42] ഫറവോൻ തന്റെ കൈയിൽനിന്ന് മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്ക് ഇട്ടു, അവനെ നേർമയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണസരപ്പളിയും അവന്റെ കഴുത്തിലിട്ടു.

**III. യോസേഫിന്റെ ജീവിതരേഖ ആത്മാവിന്റെ ഭരണത്തിന്റെ ഒരു വെളിപാടാണ്, കാരണം ആത്മാവിന്റെ ഭരണം പക്വതയുള്ള ഒരു വിശുദ്ധന്റെ വാഴുന്ന വശമാണ്; ആത്മാവിന്റെ ഭരണം (ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ദിവ്യജീവന്റെ നിയന്ത്രണത്തിലും പരിമിതിയിലും ആയിരിക്കുന്ന ജീവനിൽ വാഴുന്ന ജീവിതം) ആത്മാവിന്റെ മറ്റേതൊരു വശത്തേക്കാളും ഉന്നതമാണ്**

[Rom. 5:17] ...കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും..

- യോസേഫ് ആത്മാവിന്റെ ഭരണത്തിൻകീഴിൽ തന്റെ എല്ലാ വികാരങ്ങളോടും കൂടി അവൻ തന്നെത്തന്നെ അടക്കിനിർത്തി; ഭൂമിയിൽ ദൈവത്തിന്റെ സാക്ഷ്യമെന്ന നിലയിൽ ഒരുമിച്ചു ജീവിക്കുന്ന ഒരു കൂട്ടായ ജനമായിരിക്കുവാനായ് അവരെ തികഞ്ഞവരാക്കേണ്ടതിനും കെട്ടുപണിചെയ്യേണ്ടതിനും അവരുടെ ആവശ്യത്തിനനുസരിച്ച് അവരെ ശിക്ഷണവിധേയരാക്കികൊണ്ട് അവൻ തന്റെ സഹോദരന്മാരോട് സുബോധത്തോടും, വിവേകത്തോടും, വിവേചനത്തോടും കൂടി ഇടപെട്ടു; യോസേഫിന്റെ സംഭവത്തിൽ വെളിപ്പെട്ട ജീവൻ പുനരുത്ഥാന ജീവൻ, ദൈവജീവനാണ്. ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള യോസേഫിന്റെ ജീവിതം, ദിവ്യജീവന്റെ പക്വതയും തികവും വെളിവാക്കുകയും ദൈവരാജ്യത്തെ കൊണ്ടുവരികയും ചെയ്ത ക്രിസ്തുവിന്റെ മനുഷ്യജീവിതത്തിന്റെ ഒരു ഛായാചിത്രമാണ്. അത് രാജ്യജീവിതത്തിന്റെ അഭ്യസനമെന്ന നിലയിൽ സ്വയത്തെ ത്യജിച്ചുകൊണ്ടുള്ള ജീവിതമായിരുന്നു. തനിക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യാതിരിക്കാൻ ശക്തിയുള്ളവനാണ് ഏറ്റവും ശക്തനായ വ്യക്തി. യോസേഫ് തന്നെ ദ്രോഹിച്ചവരെ ശ്രേഷ്ഠമായ ആത്മാവിൽ ആശ്വസിപ്പിച്ചു! [Rom. 5:21] എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.. [Gen. 50:20] നിങ്ങൾ എന്റെ നേരേ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കിത്തീർത്തു, [Rom. 8:28] ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

**IV. യോസേഫ് കഷ്ടം സഹിക്കുകയും സ്വയത്തെ ത്യജിക്കുകയും ചെയ്തതിനാൽ, അവൻ ജീവ സഹായത്തിന്റെ സമ്പത്ത് നേടി; ക്രിസ്തുവിന്റെ ഒരു മുൻകുറി എന്ന നിലയിൽ അവനിൽ നിന്ന് ഭക്ഷണം ലഭിക്കുന്നതിന്, ആളുകൾക്ക് നാല് തരം വില നൽകേണ്ടി വന്നു: അവരുടെ പണം, അവരുടെ കന്നുകാലികൾ, അവരുടെ ഭൂമി, അവരെത്തന്നെ**

[Rev. 3:18] നീ... ഊതിക്കഴിച്ച പൊന്നും,... വെള്ളവസ്ത്രവും,... കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു

- പകരുന്നവൻ എന്ന നിലയിൽ കർത്താവിൽ നിന്ന് നമുക്ക് ജീവസഹായം ലഭിക്കണമെങ്കിൽ, നമ്മുടെ സുഖസൗകര്യവും ഉപജീവനമാർഗവും ഉപാധികളും അവനു നൽകണം; നാം അവനു എത്രയധികം കൊടുക്കുമോ അത്രയുമധികം ജീവസഹായം അവനിൽ നിന്ന് നമുക്ക് ലഭിക്കും. ആത്യന്തികമായി, സംതൃപ്തിയ്ക്കുള്ള ഭക്ഷണവും മറ്റുള്ളവർക്കായി എന്തെങ്കിലും ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിത്തും ഉൾപ്പെടെ ശ്രേഷ്ഠമായ ഭാഗം കർത്താവിൽ നിന്ന് സ്വീകരിക്കുന്നതിന്, നാം നമ്മെത്തന്നെ, നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗവും അവനു കൈമാറണം. നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളും അവനു കൈമാറിക്കൊണ്ട് ഏറ്റവും ഉയർന്ന വില നാം നൽകുമ്പോൾ, ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ശ്രേഷ്ഠമായ ഭാഗം നാം ആസ്വദിക്കുന്നു.

**V. യോസേഫിന് മേലുള്ള സാർവത്രിക അനുഗ്രഹം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു, അതിൽ ക്രിസ്തുവിനും അവന്റെ വിശ്വാസികൾക്കും അനുഗ്രഹമായി എല്ലാം പുതിയതായിരിക്കും**

[2 Cor. 5:17] അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

- രൂപാന്തരം എന്നത് ദിവ്യജീവന്റെ പുതുമയാൽ ചയാപചയപരമായി മാറ്റമുണ്ടാകുന്നതാണ്, പക്വത എന്നത് നമ്മെ മാറ്റുന്ന ദിവ്യജീവന്റെ പുതുമയാൽ നിറയുന്നതാണ്, അനുഗ്രഹം ജീവന്റെ കവിഞ്ഞൊഴുക്കാണ്; യോസേഫിനോടുകൂടെയുള്ള യാക്കോബിന്റെ ജീവിതാവസാനം അവന്റെ പ്രകാശിക്കലിന്റെ മൂർധന്യസ്ഥിതിയെന്ന നിലയിൽ അനുഗ്രഹത്തിന്റെ ഒരു ജീവിതമായിരുന്നു. ദൈവം മാത്രമാണ് പുതിയത്; ദൈവത്തിൽ നിന്ന് അകറ്റി വയ്ക്കപ്പെടുന്നതെല്ലാം പഴയതാണ്. ദൈവത്തെ നമ്മുടെ പുതുമയുടെ അനുഗ്രഹമായി സ്വീകരിക്കുന്നതിന്റെ രഹസ്യം, എല്ലാം ദൈവത്തിലേക്ക് കൊണ്ടുവരികയും എല്ലാറ്റിലും അവനെ പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്; ദൈവത്തിന്റേതായ ചിലത് നമ്മിലേക്ക് വയ്ക്കപ്പെടുന്നതുമാണ്, അങ്ങനെ നാം ദൈവവുമായി ഇഴുകുച്ചേർന്ന് ശരീര ജീവിതത്തിനായി ദൈവവുമായി ഒന്നാകുന്നു. യോസേഫിന് ലഭിച്ച സാർവത്രിക അനുഗ്രഹം അർഥമാക്കുന്നത് അനുഗ്രഹം എല്ലായിടത്തും ഉണ്ടെന്നാണ്; നമ്മുടെ സ്തുതികൾ വീഴ്ചയിലുള്ള ശാപത്തിന്റേതായ എല്ലാത്തിനെയും അനുഗ്രഹമാക്കി മാറ്റുന്നു